ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 12.04.2025**

## പ്രധാനവാർത്തകൾ

1. മാലിന്യ നിർമ്മാർജനം ദൈനംദിന ജീവിതത്തിന്റെ ഭാഗമാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ; വൃത്തി 2025 ദേശീയ കോൺക്ലേവിന് തിരുവനന്തപുരത്ത് സമാപനം.

2. വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ പുനരധിവാസ ടൗൺഷിപ്പ് നിർമ്മാണത്തിന് ഇന്ന് തുടക്കമായി; പുനരധിവാസത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. പ്രസവത്തിൽ ഉൾപ്പെടെയുള്ള അശാസ്ത്രീയമായ സമീപനങ്ങൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമെന്ന് മന്ത്രി വീണ ജോർജ്.

4. ഓശാന ഞായറിനെ വരവേൽക്കാനൊരുങ്ങി വിശ്വാസികൾ; സപ്ലൈകോ വിഷു - ഈസ്റ്റർ വിപണികൾ നാളെയും പ്രവർത്തിക്കും.

5. ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് 181 റൺസ് വിജയലക്ഷ്യം; ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കിരീടപോരാട്ടം.

&&&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

## വൃത്തി കോൺക്ലേവ് - സമാപനം

മാലിന്യ നിർമ്മാർജനം ദൈനംദിന ജീവിതത്തിന്റെ ഭാഗമാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിച്ച വൃത്തി 2025 ദേശീയ കോൺക്ലേവിൻറെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രാദേശിക തലത്തിൽ ചെറിയ മാലിന്യ നിർമ്മാർജന പ്ലാൻറുകൾ ആരംഭിക്കണമെന്നും ക്രമേണ അത് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ മന്ത്രി എം ബി രാജേഷ് സന്നിഹിതനായി. കോൺക്ലേവുമായി ബന്ധപ്പെട്ട പ്രദർശനം നാളെയും ഉണ്ടാകും.

&&&&&&&&&&&&&&&&&&&

## വടകര ആശുപത്രി

നാടിൻ്റെ വികസനം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്തമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോഴിക്കോട് വടകര ജില്ലാ ആശുപത്രി കെട്ടിടത്തിൻറെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമിൽ ഉൾപ്പെടുത്തിയാണ് കെട്ടിടത്തിൻറെ രണ്ടാംഘട്ട നിർമാണം അനുവദിച്ചത്. പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ വിശിഷ്ടാതിഥിയായി. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികൾക്കും പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാന സർക്കാരുകളും കേന്ദ്രം നിർദ്ദേശിക്കുന്ന ഏജൻസികളും സന്നദ്ധ സംഘടനകളും പദ്ധതിയിൽ പങ്കാളികളാകാമെന്നും കേന്ദ്ര സഹമന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 2

## വയനാട് ടൗൺഷിപ്പ് (ഇൻട്രോ)

വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കാനായി സർക്കാർ നടപ്പാക്കുന്ന ടൗൺഷിപ്പ് പദ്ധതിക്ക് തുടക്കമായി. കൽപറ്റ എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിയിലാണ് ഇന്ന് രാവിലെ മുതൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. ഹൈക്കോടതി ഉത്തരവിന് പിന്നാലെ ഇന്നലെ തന്നെ 17 കോടി രൂപ സർക്കാർ കെട്ടിവച്ചിരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്....... (വോയ്സ്)**

&&&&&&&&&&&&&&&&&&&

## വയനാട് - മുഖ്യമന്ത്രി

അതേസമയം വെല്ലുവിളികൾ മറികടന്ന്, വയനാട് പുനരധിവാസം പൂർത്തികരിക്കാൻ പ്രതിജ്ഞാബദ്ധമായി സർക്കാർ മുന്നോട്ടുപോവുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

## വീണ ജോർജ്- കോഴിക്കോട്

പ്രസവമുൾപ്പെടെയുള്ള ആരോഗ്യ സാഹചര്യങ്ങളിൽ അശാസ്ത്രീയവും തെറ്റായതുമായ സമീപനങ്ങൾ കൈകൊണ്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി വീണ ജോർജ്. കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രിയിൽ സ്ഥാപിച്ച ഓക്സിജൻ പ്ലാൻ്റ്, ലാക്റ്റേഷൻ മാനേജ്മെൻ്റ് യൂണിറ്റ് എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. 567 കോടി രൂപ ചെലവിൽ കോഴിക്കോട് സ്ഥാപിക്കുന്ന സംസ്ഥാന അവയവമാറ്റ ഇൻസ്റ്റിറ്റ്യൂട്ട് വൈകാതെ യാഥാർത്ഥ്യമാകുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

## ലോൺ ആപ്പ് തട്ടിപ്പ്

സാമൂഹ്യമാധ്യമങ്ങളിലൂടെ, പ്രത്യേക മാനദണ്ഡങ്ങളൊന്നും കൂടാതെ ഉടനടിയുള്ള വായ്പ വാഗ്ദാനം നൽകി തട്ടിപ്പു നടത്തുന്ന സംഘങ്ങൾ സജീവമാണെന്നും, ഇതിനെതിരെ ജാഗ്രത പാലിക്കണമെന്നും കേരള പോലീസ്. 'ബ്ലാക്ക് ലൈൻ' എന്ന കമ്പനിയുടെ പേരിൽ ലോൺ തട്ടിപ്പ് വ്യാപകമാണ്. ഫോണിൻറെ നിയന്ത്രണം ആവശ്യപ്പെടുന്ന വിശ്വാസയോഗ്യമല്ലാത്ത ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യാതിരിക്കണം എന്നും പോലീസ് വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - സർവ്വകക്ഷിയോഗം

സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഈ മാസം 16ന് യോഗം ചേരും. രാവിലെ മതമേലധ്യക്ഷൻമാരുടെ യോഗവും , വൈകിട്ട് സർവകക്ഷിയോഗവും നടക്കും. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുക.

RNU TVPM

&&&&&&&&&&&&&&&&&&&

## ഡി - ഹണ്ട്

ലഹരിക്കെതിരെ നടത്തുന്ന ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി ഇന്നലെ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 2301 പേരെ പരിശോധനയ്ക്ക് വിധേയമാക്കിയാതായി പോലീസ്. നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 126 കേസുകൾ രജിസ്റ്റർ ചെയ്തു. 137 പേർ അറെസ്റ്റിലായെന്നും പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&

**സ്വർണ്ണവില**

ചരിത്രം കുറിച്ച് സ്വർണവില. കേരളത്തിൽ ഒരു പവൻറെ വില 70,000 പിന്നിട്ടു. ഇന്ന് പവന് 70,160 രൂപയും ഗ്രാമിന് 8770 രൂപയുമാണ് വില. പവന് 200 രൂപയുടെ വർധനവാണുണ്ടായത്. ലോകവിപണിയിലും കഴിഞ്ഞ ദിവസം സ്വർണം നേട്ടത്തോടെയാണ് വ്യാപാരം അവസാനിപ്പിച്ചത്.

&&&&&&&&&&&&&&&&&&&&

**ഇടുക്കി (ഇൻട്രോ)**

മധ്യവേനൽ അവധിക്കാലമായതിനാൽ ഇടുക്കിയിലെ ടൂറിസം കേന്ദ്രങ്ങളിൽ തിരക്ക് വർധിച്ചു തുടങ്ങി. കടുത്ത വേനൽച്ചൂടിൽ നിന്നും താത്കാലിക ആശ്വാസം തേടിയും കുടുംബാംഗങ്ങളോടൊത്ത് ഉല്ലാസ യാത്രയും ലക്ഷ്യമിട്ടാണ് കൂടുതൽ പേരും ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കെത്തുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണൻ... (വോയ്സ്)**

RNUTVPM

&&&&&&&&&&&&&&&&&&&&

**കോഴിക്കോട് - അതിരൂപത**

കോഴിക്കോട് രൂപതയെ മെട്രോപോളിറ്റൻ അതിരൂപതയായും കോഴിക്കോട് രൂപത ബിഷപ്പ് വർഗീസ് ചക്കാലക്കലിനെ മെട്രോപോളിറ്റൻ രൂപതയുടെ പ്രഥമ ആർച്ച് ബിഷപ്പായും ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

**ഓശാന ഞായർ**

നാളെ ഓശാന ഞായർ. യേശുക്രിസ്തുവിൻറെ ജറുസലേം പ്രവേശനത്തിൻറെ സ്മരണകളിൽ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും, കുരുത്തോല പ്രദക്ഷിണവും നടക്കും. ഇതോടെ വിശുദ്ധ വാരത്തിന് നാളെ തുടക്കമാകും.

&&&&&&&&&&&&&&&&&&&&

## സപ്ലൈകോ - ഞായർ

സപ്ലൈകോയുടെ എല്ലാ വിഷു - ഈസ്റ്റർ ഫെയറുകളും സൂപ്പർ മാർക്കറ്റുകളും നാളെ തുറന്നു പ്രവർത്തിക്കും. മാവേലി സ്റ്റോറുകൾ ഞായറാഴ്ച പ്രവർത്തിക്കില്ല. വിഷുദിവസം ഫെയറുകൾക്കും സപ്ലൈകോ വില്പനശാലകൾക്കും അവധിയായിരിക്കും.

&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ഐ എസ് എൽ (ഇൻട്രോ)

ഐ എസ് എൽ ഫുട്ബോൾ 11-ാം സീസണിൻറെ കലാശപ്പോരിൽ ഇന്ന് കരുത്തരായ മോഹൻ ബഗാനും ബംഗളൂരു എഫ്സിയും ഏറ്റുമുട്ടും. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

**ആകാശവാണിക്കു വേണ്ടി സുരേഷ് എടപ്പാൾ തയ്യാറാക്കിയ റിപ്പോർട്ട്................ (ഹോൾഡ്-വോയ്സ്)**

RNU TVPM

&&&&&&&&&&&&&&&&&&&

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ ലഖ്നൗ സൂപ്പർ ജയൻറ്സിന് 181 റൺസ് വിജയലക്ഷ്യം. ഗുജറാത്ത് നിശ്ചിത ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 180 റൺ നേടി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ലക്നൗ ഒരു വിക്കറ്റ് നഷ്ടത്തിൽ 123 റൺ നേടിയിട്ടുണ്ട്. ഇന്നത്തെ രണ്ടാമത്തെ മത്സരത്തിൽ പഞ്ചാബ് കിംഗ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി ഇൻ്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 7:30 ന് മത്സരം ആരംഭിക്കും.

&&&&&&&&&&&&&&&&&&&

## റഗ്ബി ടീം സെലക്ഷൻ ട്രയൽസ്

ബിഹാറിൽ നടക്കുന്ന 7-ാമത് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ പങ്കെടുക്കുവാനുള്ള കേരള റഗ്ബി ടീമിൻറെ സെലക്ഷൻ ട്രയൽസ് ഈ മാസം 15 ലേക്ക്

മാറ്റിയതായി സംസ്ഥാന സ്പോർട്സ് കൗൺസിൽ അറിയിച്ചു. രാവിലെ 10 മണി മുതൽ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലാണ് ആൺകുട്ടികളുടെയും പെൺകൂട്ടികളുടെയും ടീം തെരഞ്ഞെടുപ്പ് നടക്കുക.

&&&&&&&&&&&&&&&&&&&

## ധർമ്മടം

സംസ്ഥാനത്തെ ആദ്യത്തെ അതിദാരിദ്ര്യമുക്ത നിയമസഭ മണ്ഡലമായി കണ്ണൂർ ജില്ലയിലെ ധർമ്മടം. ഔദ്യോഗിക പ്രഖ്യാപനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പിണറായി കൺവെൻഷൻ സെന്ററിൽ നടക്കുന്നചടങ്ങിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അധ്യക്ഷനാകും.

&&&&&&&&&&&&&&&&&&&

## ആശാ സമരം

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടറിയറ്റിനു മുന്നിൽ രാപ്പകൽ സമരം നടത്തുന്ന ആശാ പ്രവർത്തകർക്ക് ഐക്യദാർഢ്യം പ്രഖാപിച്ചു കൊണ്ട് ഇന്ന് പൗരസംഗമം സംഘടിപ്പിച്ചു. ആശാപ്രവർത്തകർക്കൊപ്പം കുടുംബാംഗങ്ങളും, വിവിധ സംഘടന പ്രതിനിധികളും പങ്കെടുത്തു.

RNUTVPM

&&&&&&&&&&&&&&&&&&&

## യു.പി.എസ്.സി - മെട്രോ

യുപിഎസ്സി പരീക്ഷ പ്രമാണിച്ച് നാളത്തെ കൊച്ചി മെട്രോ സർവ്വീസ് നേരത്തെയാക്കി. രാവിലെ 7 മണി മുതൽ ആലുവയിൽ നിന്നും തൃപ്പൂണിത്തുറയിൽ നിന്നും സർവ്വീസ് ആരംഭിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&